(സി) മുനിസിപ്പൽ ചെയർമാൻമാരെ സംസ്ഥാന നിയമം അനുവദിക്കുന്ന രീതിയിൽ തിരഞ്ഞെടുക്കുന്നത് ക്രമാനുസൃതമായി ഭരണഘടന വിവക്ഷിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരെയും മുനിസിപ്പൽ ചെയർമാൻമാരേയും നേരിട്ട് തെരഞ്ഞെടുക്കുവാൻ വേണ്ട വ്യവസ്ഥ ഉണ്ടാക്കുവാനുദ്ദേശമുണ്ടോ ?

ഉത്തരം

(എ) 1. ഗ്രാമപഞ്ചായത്ത്

പ്രസിഡന്റ് -43

വൈസ് പ്രസിഡന്റ് -29

2. മുനിസിപ്പാലിറ്റി

ചെയർമാൻ - 8

വൈസ് ചെയർമാൻ - 3

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) തൽക്കാലം പരിഗണനയിൽ ഇല്ല.

അനധികൃത ദിവസ ചന്തകൾ

72 (3824) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പഞ്ചായത്ത് പ്രദേശങ്ങളിൽ പഴയ ദേശീയപാതയോടും സംസ്ഥാനപാതയോടും ചേർന്നുള്ള സ്ഥലത്ത് അനധികൃത ദിവസ ചന്തകൾ പ്രവൃത്തിക്കുന്നതുമൂലം പഞ്ചായത്തുകൾക്ക് പ്രസ്തുത ഇനത്തിൽ വന്നിച്ച നഷ്ടം ഉണ്ടാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവയെ ക്രമവൽക്കരിച്ച് പഞ്ചായത്തുകൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകൾക്ക് പ്രസ്തുത രീതിയിൽ നഷ്ടം സംഭവിക്കുന്നെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) വിവരം ലഭിച്ചു വരുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly